സാക്ഷരകേരളത്തിന്റെ ആദ്യാക്ഷരം
ദീപിക
THE FIRST MALAYALAM DAILY ESTD 1887
11 October 2023

## അഗ്രികൾച്ചർ സയൻസ് കോൺഗ്രസിനു തുടക്കം

# കാർഷിക ഭക്ഷ്യോത്പാദനരംഗം സുസ്ഥിരമാക്കണം: കേന്ദ്ര മന്ത്രി




എറണാകുളം ലെ മെറീഡിയൻ ഹോട്ടലിൽ ആരംഭിച്ച 16ാമത് അഗ്രികൾച്ചർ സയൻസ് കോൺഗ്രസ് കേന്ദ്രമന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി പി. പ്രസാദ്, ഹൈബി ഈഡൻ എംപി എന്നിവർ സമീപം.

**കൊച്ചി:** വർധിച്ചുവരുന്ന ഭക്ഷ്യ ആവശ്യകത, പരിസ്ഥിതി നശീകരണം, കാലാവസ്ഥാവ്യതിയാനം ഉയർത്തുന്ന ഭീഷണി തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ വരുംതലമുറയ്ക്കായി കാർഷിക ഭക്ഷ്യോത്പാദന വ്യവസ്ഥ സുസ്ഥിരമായി വികസിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല. കൊച്ചിയിൽ ആരംഭിച്ച 16ാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മലിനീകരണം ജീവജാലങ്ങൾക്കും കടലിന്റെ ആവാസവ്യവസ്ഥയ്ക്കും കടുത്ത ഭീഷണിയാണുയർത്തുന്നത്. ഇതിനു ശാശ്വതമായ പരിഹാരം കാണാൻ ഈ മേഖലയിലെ ശാസ്ത്രജ്ഞരോടും ഗവേഷകരോടും മന്ത്രി അഭ്യർഥിച്ചു. പൊക്കാളി അരി പോലുള്ള പരമ്പരാഗത വിളകളെ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. കാർഷികമേഖലയിൽ സ്ത്രീസൗഹൃദ സാങ്കേതികവിദ്യകൾ വികസിപ്പിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

കേന്ദ്രകൃഷി ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡയറക്ടർ ജനറലുമായ ഡോ. ഹിമാൻഷു പഥക് അധ്യക്ഷത വഹിച്ചു. മന്ത്രി പി. പ്രസാദ്, ഹൈബി ഈഡൻ എംപി തുടങ്ങിയവരും പങ്കെടുത്തു. നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസ് (നാസ്) സംഘടിപ്പിക്കുന്ന നാലു ദിവസത്തെ സമ്മേളനത്തിന് ഇത്തവണ ആതിഥ്യം വഹിക്കുന്നത് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ്.

ഇന്ത്യയിലെ കാർഷിക അനുബന്ധ മേഖലകളിലെ സുപ്രധാന പഠനങ്ങളും വികസനപ്രവർത്തനങ്ങളുമാണ് സമ്മേളനത്തിൽ ചർച്ച ചെയ്യുന്നത്.